Draft #1 of File 54398/EI 8-3/2021/EXAM Approved by ASSISTANT REGISTRAR III (ACADEMIC) on 13-Apr-2021 03:38 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മഹാത്മാ ഗാന്ധി സർവകലാശാലയുടെ 2016 അഡ്മിഷൻ ബാച്ചലർ ഓഫ് ഫാർമസി പ്രോഗ്രാമിന്റെ റെഗുലേഷൻസിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് - മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III.10(17) പ്രകാരം വൈസ് ചാൻസലർ കൈകൊണ്ട നടപടി - ഉത്തരവ് - പുറപ്പെടുവിക്കുന്നു .

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 2037/AC A 5/2021/എം.ജി.യു	പ്രിയദർശിനി ഹിൽസ്,തീയതി: 16.04.2021

*പരാമർശം:*-1. സർവകലാശാല ഉത്തരവ് നമ്പർ 4600/Aca5/1/B.pham/2018 / Academic തീയതി 06.06.2018

2. ഒക്ടോബർ 2020 - ൽ നടന്ന നാലാം വർഷ ബാച്ചലർ ഓഫ് ഫാർമസി (2016 അഡ്മിഷൻ ) ഓൺലൈൻ പാസ്സ്ബോർഡ് മിനുട്സ് , തീയതി 27.02.2021

3. ഡി പി എസ് ചെറുവാണ്ടൂർ പ്രിൻസിപ്പലിന്റെ ശിപാർശ കത്ത് , തീയതി 04/03/2021

**ഉത്തരവ്**

മഹാത്മാഗാന്ധി സർവകലാശാലയുടെ ബാച്ചലർ ഓഫ് ഫാർമസി പ്രോഗ്രാമിനു പിന്തുടരുന്ന റെഗുലേഷൻസ് പ്രകാരം, ഒന്നാം വർഷ പരീക്ഷകളെല്ലാം വിജയിച്ച വിദ്യാർത്ഥികളെ മാത്രമേ മൂന്നാം വർഷ പരീക്ഷ എഴുതുവാൻ അനുവദിക്കുള്ളൂ; രണ്ടാം വർഷ പരീക്ഷകളെല്ലാം വിജയിച്ച വിദ്യാർത്ഥികളെ മാത്രമേ നാലാം വർഷ പരീക്ഷ എഴുതാൻ അനുവദിക്കുള്ളൂ എന്ന നിബന്ധനകളിൽ ഇളവ് ചെയ്തു പരീക്ഷയെഴുതാൻ അനുവദിച്ചു കൊണ്ട് 01.06.2018 - ൽ ബാച്ചലർ ഓഫ് ഫാർമസി വിദ്യാർഥികൾ സമർപ്പിച്ച നിവേദനത്തിന്മേൽ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

നിലവിലെ COVID - 19 പ്രത്യേക സാഹചര്യം കണക്കിലെടുത്തും , ഒക്ടോബർ 2020 - ൽ നടന്ന നാലാം വർഷ ബാച്ചലർ ഓഫ് ഫാർമസി (2016 അഡ്മിഷൻ) പരീക്ഷയുടെ പരാമർശം (2) പ്രകാരം ചേർന്ന ഓൺലൈൻ പാസ്സ്ബോർഡ് മിനുട്സ്, പരാമർശം (3) പ്രകാരമുള്ള ഡി പി എസ് ചെറുവാണ്ടൂർ പ്രിൻസിപ്പലിന്റെ ശിപാർശ കത്ത് എന്നിവ പരിഗണിച്ചും മഹാത്മാ ഗാന്ധി സർവകലാശാലയുടെ 2016 അഡ്മിഷൻ ബാച്ചലർ ഓഫ് ഫാർമസി പ്രോഗ്രാം റെഗുലേഷൻസിൽ താഴെ പറയുന്ന ഇളവുകൾ അനുവദിച്ചു മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III.10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു .

1. 1,2,3, വർഷ പരീക്ഷകൾ പാസ്സാകാത്ത വിദ്ധാർഥികൾക്കു ടി വർഷ പരീക്ഷകൾ എല്ലാം പാസ്സായ ശേഷം കൺസോളിഡേഷൻ ഓഫ് മാർക്ക് /ക്ലാസ്സിഫിക്കേഷൻ ഓഫ് റിസൾട്ട് ക്രമീകരണം നടത്തി ഫലപ്രഖ്യാപനം പൂർത്തീകരിച്ചു സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അനുവാദം,

2. ഇന്റേൺഷിപ് / പോസ്റ്റിങ്ങ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രം Provisional / Degree സർട്ടിഫിക്കറ്റുകൾ നൽകാനുള്ള അനുവാദം.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

പകർപ്പ്

1.ഡി പി എസ് ചെറുവാണ്ടൂർ പ്രിൻസിപ്പൽ
2.വൈസ് ചാൻസിലറുടെ പി.എസ് / പ്രൊ വൈസ് ചാൻസിലറുടെ പി.എസ്
3.രജിസ്ട്രാറുടെ പി.എ / പരീക്ഷ കൺട്രോളറുടെ പി .എ
4.ജെ.ആർ 2 (admin) /ഡി.ആർ 2 , എ.ആർ 3 (academic)
5.എ.സി.ഡി / എ.സി.സി. 1 / 2 / CSS സെക്ഷൻ / EI 8
6. സി.എം.എസ് /ഐ.ക്യു .എ.സി .

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 54398/EI 8-3/2021/EXAM Approved by ASSISTANT REGISTRAR III (ACADEMIC) on 13-Apr-2021 03:38 PM - Page 2